(സി) തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറിന്റെ അഭിവൃദ്ധിക്ക് ഹാനികരങ്ങളും അപമാനകരങ്ങളുമായ പല ആഭ്യന്തര നിയന്ത്രണങ്ങളും ചെലുത്തുന്നതിൽ കേന്ദ്രഗവണ്മെൻറ് മടിക്കുന്നില്ലെന്നുള്ളതു് ശരിയാണോ;

(ഡി) അതിനെ തടയുന്നതിനു് ഗവണ്മെൻറ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

Chief Minister (Sri. C. Kesavan): I am sorry the answer is not ready.

ഷിഫ്റ്റ് സിസ്റ്റം

*൨൪൫. (൯൯) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രൈമറി സ്കൂളുകളിലെ ഷിഫ്റ്റ് നിറുത്തൽ ചെയ്യുന്നതിനു് ഗവണ്മെൻറ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടുത്ത സ്കൂൾവർഷത്തിൽ നടപ്പിൽ വരുത്തുമോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): (എ യും, ബി യും) ഉണ്ടു്. പ്രൈമറി സ്കൂളുകളിൽ ൫൦ സ്കൂളുകളിൽ വർഷാരംഭം മുതൽ ഷിഫ്റ്റ് സിസ്റ്റം നിറുത്തിക്കഴിഞ്ഞിട്ടുണ്ടു്.

കൊല്ലം–എറണാകുളം റയിൽവെ

*൨൪൬. (൯൪) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) കൊല്ലം–എറണാകുളം റയിൽവെ നീട്ടുന്നതിനുള്ള സർവ്വെയുടെ ജോലി പൂർത്തിയായിട്ടുണ്ടോ;

(ബി) പൂർത്തിയായെങ്കിൽ അവ എന്നുമുതൽ വേല ആരംഭിക്കും;

(സി) ഈ വകക്കുള്ള ചിലവു് ഏതു ഗവണ്മെൻറാണു് നടത്തേണ്ടതു്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള): (എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കേന്ദ്രഗവണ്മെൻറ്.

ശ്രീ. കെ. എ. മാത്യു: സർവ്വെ എത്രവരെ ആയി?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സർവ്വെ നടക്കുന്നതേയുള്ളു.

ശ്രീ. ഇ. പി. പൗലോസ്: കൂടിനെ സംബന്ധിച്ചു് ഈ ഗവണ്മെൻറ് എന്തെങ്കിലും ശുപാർശ കേന്ദ്രഗവണ്മെൻറിനു് നൽകിയിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: നോട്ടീസുവേണം.

ശ്രീ. കെ. എ. മാത്യു: സർവ്വെ പൂർത്തിയായിക്കഴിഞ്ഞാൽ ഈ പണി വേഗം നടത്തുന്നതിനു് ഈ ഗവണ്മെൻറ് കേന്ദ്രഗവണ്മെൻറിന്റെ അടുത്തു് നിവേദനം നടത്തിയിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഉണ്ടു്.

ക്ഷാമബത്ത

*൨൪൭. (൯൬) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പബ്ലിക്കു് സർവ്വീസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തുള്ള എൻ. ജി. ഒ. മാക്ക് ക്ഷാമബത്ത വർദ്ധിപ്പിക്കുവാൻ ഗവൺമെൻറ് ശുപാർശ ചെയ്തിരുന്നോ;

(ബി) സെൻട്രൽ ഗവൺമെൻറിനു വിട്ടുകൊടുത്ത അഞ്ചൽ ഡിപ്പാർട്ടുമെൻറുകളിലെ ശിപായിമാക്ക് ശമ്പളവും അലവൻസും ഉൾപ്പെടെ കിട്ടുന്നതുക ഈ സംസ്ഥാനത്തെ ക്ലാർക്കുമാരുടെ ശമ്പളവും അലവൻസും കൂടിയ തുകയേക്കാൾ കൂടുതലാണെന്നുള്ള വിവരം ഗവൺമെൻറിനറിയാമോ?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര) :

(എ) ഇല്ല. കഴിഞ്ഞ ജൂലൈ മുതൽ ക്ഷാമബത്ത വർദ്ധിപ്പിച്ചു ഉത്തരവു പ്രകാരം ക്ഷാമബത്ത വർദ്ധിപ്പിച്ചു. വീണ്ടും അതു് വർദ്ധിപ്പിക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) അറിയാം.

ശ്രീ. സി. സി. പ്രസാദ് : ഈ ശിപായിമാക്ക് കണ്ടിജൻസി ഫണ്ടിൽ നിന്നല്ലെ ശമ്പളം കൊടുക്കുന്നതു്?

ശ്രീ. കെ. എം. കോര: അല്ല.

ശ്രീ. സി. സി. പ്രസാദ്: ഇവിടെയുള്ള ശിപായിമാരെല്ലാം കണ്ടിജൻസിക്കാരോ പെർമനൻറുകാരോ?

ശ്രീ. കെ. എം. കോര: കണ്ടിജൻസിയും ഉണ്ടു്, പെർമനൻറും ഉണ്ടു്.

ശ്രീ. ഗാസ്പർ ഡി സിൽവാ : ജീവിതച്ചിലവു് വർദ്ധിച്ചിരിക്കുന്ന ഈ കാലത്തു് കുറഞ്ഞ ശമ്പളക്കാർക്ക് ക്ഷാമബത്ത കൂട്ടിക്കൊടുക്കുവാൻ സാധ്യമല്ലേ?

ശ്രീ. കെ. എം. കോര; ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ നിവൃത്തിയില്ലാതെയാണു് ഇരിക്കുന്നതു്.

பொய் கேஸ்கள்

*254 (37). ஸ்ரீ. எஸ். அம்பரோஸ் : கீழ் குறிப்பிடும் வினைக்களுக்கு கனம் தலைமை மந்திரி அவர்கள் விடை பகர்வார்களாக :

(எ) அகஸ்தீஸ்வரம் தாலுகா இடலாக்குடி போலீஸ் சப்-இன்ஸ்பெக்டர் பச்சபாதமாக நடந்து பொய் கேஸ்களை சிருஷ்டித்தார் என்று கன்னியாகுமாரியைச் சார்ந்த ஜான் செல்வசந்திரா என்றவர் இன்ஸ்பெக்டர் ஜனரல் (I. G. of Police) அவர்களுக்கு ஒரு மனு கொடுத்ததுண்டா ;

(பி) அப்படியானால் அந்த மனு சம்பந்தமாக என்ன நடவடிக்கை எடுக்கப்பட்டிருக்கிறது ;

(ஸி) பிரஸ்தாப மனுசம்பந்தமாக இதுவரை யாதொரு நடவடிக்கையும் எடுக்கப்படவில்லையானால் அதற்கு பிரத்தியேக காரணம் உண்டா ?

Chief Minister **(Sri. C. Kesavan):**

(a) Yes.

(b) The matter was enquired into and the allegations were found to be false and baseless,

(c) Does not arise in view of answer to (b).

OLD PALACE GARDEN

*255. [39] **Sri. S. Ambrose:** Will the hon. the Education Minister be pleased to answer the following questions.—

(a) did the public of Cape Comorin submit a petition to Government to convert the old palace garden at Cape Comorin into a public radio park?;

LIBRARY ARCHIVES Kerala Legislative Assembly